3. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഡീസലിന് സബ്സിഡി നൽകുന്ന പദ്ധതി പരിഗണനയിലാണ്.

(ഡി) ഒരു കൊല്ലം കൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

മത്സ്യവിപണിയിലെ മാന്ദ്യം ഇല്ലാതാക്കാൻ നടപടി

99 [286] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം കേരളത്തിൽ മത്സ്യവിപണിയിലുണ്ടായ മാന്ദ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യവിപണിയിലുണ്ടായ മാന്ദ്യം ഇല്ലാതാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) മത്സ്യവിപണിയിലുണ്ടായ മാന്ദ്യം ഇല്ലാതാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി 100-ൽപ്പരം മത്സ്യസാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി മത്സ്യം ഭക്ഷ്യയോഗ്യമാണെന്ന് കണ്ടെത്തി 'സുലിക്കൻ' വൈറസ് മത്സ്യത്തെ ബാധിച്ചിട്ടുണ്ടെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണെന്ന് തെളിയിച്ചു. ഈ വിവരം വാർത്താമാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുകയും വിപണിയിലുണ്ടായ മാന്ദ്യം ഇല്ലാതാക്കാൻ വേണ്ട ബോധവൽക്കരണ നടപടികൾ നടത്തുകയും ചെയ്തു വരുന്നു.

സുനാമി ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

100 [287] ശ്രീ. കെ. നാരായണക്കുറുപ്പ്:

" തോമസ് ചാഴികാടൻ:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധനം ഉപജീവനമായിട്ടുള്ള കുടുംബങ്ങൾക്ക് തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly